"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായവകുപ്പ് - യുവവീവ് പദ്ധതി-മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.1284/2025/ID    തീയതി,തിരുവനന്തപുരം, 06-10-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1564/2017/വ്യവ തീയതി 15/11/2017.

2. കൈത്തറി ഡയറക്ടറുടെ 23/10/2024, 28/01/2025 തീയതി കളിലെ എച്ച്.എൽ/83/2024-സി6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൈത്തറി നെയ്ത്തു വ്യവസായ രംഗത്തേയ്ക്ക് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള യുവവീവ് പദ്ധതിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(2) തൊഴിൽരഹിതരായ 18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് യുവവീവ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുടുംബശ്രീ മിഷൻ മുഖേനയാണ് ഇവരെ പരിശീലനത്തിനായി തെരഞ്ഞെടുത്ത് വരുന്നത്. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200/- രൂപ സ്റ്റൈപന്റോടു കൂടി കൈത്തറി നെയ്ത്തു പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125/- രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ചു നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

(3) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി, യുവവീവ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലെ ചില വ്യവസ്ഥകളിൽ പ്രസക്തമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന് പരാമർശ (2) കത്ത് പ്രകാരം കൈത്തറി ഡയറക്ടർ ശിപാർശ/അപേക്ഷ സമർപ്പിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കൈത്തറി മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി, "യുവവീവ് പദ്ധതി" സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിലവിലെ വ്യവസ്ഥ | ഭേദഗതി |
|---|---|
| **(I)** 18നും 40നും മദ്ധ്യേ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാ ക്കിയിട്ടുള്ള യുവതീ | **(I )** യുവ-വീവ് പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ കുടുംബശ്രീ ഡയറ ക്ടർ, |

| | |
|---|---|
| യുവാക്കളെ കുടുംബശ്രീ മിഷൻ മുഖേന പരിശീ ലനത്തിനായി തെരഞ്ഞെടുക്കുന്നു. | ജില്ലാ വ്യവസായ കേന്ദ്രത്തിലെ ബന്ധപ്പെട്ട കൈത്തറി ഇൻസ്പെക്ടർ എന്നിവരുടെ ശിപാർശ പ്രകാരം പരിശീലനാർത്ഥികളെ തെരഞ്ഞെട്ട ക്കുന്നതാണ്. |
| (II) പദ്ധതി പ്രകാരമുള്ള പരിശീലനാർത്ഥികളുടെ നിലവിലെ പ്രായപരിധി 18-40 വയസ് ആണ്. | (I I ) പദ്ധതി പ്രകാരമുള്ള പരിശീലനാർത്ഥികളുടെ നിലവിലെ പ്രായപരിധി 18-45 വയസ്സായി നിജപ്പെടുത്തുന്നു. |
| ( I I I ) പരിശീലനാർത്ഥികളുടെ സ്റ്റൈപന്റ്/വേജ് സപ്പോർട്ട് തുകകൾ, സംഘത്തിന്റെ അപേക്ഷ പ്രകാരം, ജില്ലാവ്യവസായ കേന്ദ്രത്തിൽ നിന്നും സംഘത്തിന്റെ അക്കൗണ്ടി ലേക്ക് ട്രാൻസ്ഫർ ചെയ്യുകയും അതു സംഘം പിൻവലിച്ചു പരിശീനാ ർത്ഥികൾക്ക് നൽകുകയും ചെയ്യുന്നു. | (III) പരിശീലനാർത്ഥികൾക്കുള്ള സ്റ്റൈപൻ്റ്/വേജ് സപ്പോർട്ട് തുക അവരവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. |

(5) മേൽ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്ന താണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് - വ്യവസായവാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം

ധനകാര്യ (I&PW-A) വകുപ്പ്

(vide U.O.3075591/I&PW-A3/21/2025-Fin dated 02.09.2025)

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 07-10-2025 15:48:48

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വ്യവസായവകുപ്പമന്ത്രിയുടെ പി.എസിന്

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

വ്യവസായവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

വ്യവസായവകുപ്പ് അണ്ടർസെക്രട്ടറിയ്ക്ക്